"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - തലശ്ശേരി നഗരസഭയിലെ മഞ്ഞോടിയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 4,00,50,000/- രൂപ വായ്പ എടുക്കുന്നതിന് തലശ്ശേരി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.2102/2025/LSGD തീയതി,തിരുവനന്തപുരം, 25-08-2025

---

പരാമർശം:-

1. സ.ഉ.(കൈ)നം.147/2009-ത.സ്വ.ഭ.വ തീയതി 29/07/2009
2. തലശ്ശേരി നഗരസഭയുടെ 16/11/2024 -ലെ 5-ാം നമ്പർ തീരുമാനം

കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 20/11/2024

4. തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി/യു.എൽ.ബി/414/2024 നമ്പർ നടപടിക്രമം
5. തലശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ 06/01/2025 ലെ ഇ2-441145/17 നമ്പർ കത്ത്

തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 11/03/2025

6. &2/6/2025 എന്നീ തീയതികളിലെ LSGD/PD/7880/2025-CSSA4 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയുടെ മഞ്ഞോടിയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് അടങ്കൽ തുകയായ 4,59,73,435/- രൂപയിൽ 4,00,50,000/-രൂപ (നാലു കോടി അൻപതിനായിരം രൂപ മാത്രം) കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും വായ്പയായി സമാഹരിക്കുന്നതിന് പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള അനുബന്ധ രേഖകൾ സഹിതം അപേക്ഷിക്കാൻ കൈക്കൊണ്ട പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറി പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷയിൽ സർക്കാർ അനുമതി ലഭ്യമാക്കുന്നതിനായി പരാമർശം (6) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത നിർമാണ പ്രവർത്തനം ഏകദേശം എൺപതു ശതമാനമായിട്ടുണ്ട് എന്നുള്ള വിവരം നൽകിയിട്ടുള്ള സാഹചര്യത്തിൽ ,പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലും, വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ തലശ്ശേരി നഗരസഭയുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് സർക്കാർ തലത്തിൽ കുറവ് ചെയ്ത് വായ്പത്തുക ബന്ധപ്പെട്ട ബാങ്കിന്

നൽകാവുന്നതാണെന്നുള്ള പരാമർശം (2) കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയിലെ മഞ്ഞോടിയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്ന് 4,00,50,000/- രൂപ (നാല് കോടി അൻപതിനായിരം രൂപ മാത്രം) 9% പലിശ നിരക്കിൽ 13 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ വായ്പ എടുക്കുന്നതിന് തലശ്ശേരി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. SASCI ലോൺ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ പരിശോധിച്ച് സ്വീകരിക്കാനും സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2. സെക്രട്ടറി, തലശ്ശേരി നഗരസഭ, കണ്ണൂർ
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
4. ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
6. കരുതൽ ഫയൽ (ഡി.ബി1/78/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 25-08-2025 12:10:03
സെക്ഷൻ ഓഫീസർ